കേരളകൗമുദി
വാരാന്ത്യ
കൗമുദി
2012 മാർച്ച് 4 ഞായർ

**ലോകപ്രശസ്ത എഴുത്തുകാരൻ അമിതാവ് ഘോഷിന്റെ ഈ ലേഖനം ഓരോ ഇന്ത്യാക്കാരനും വായിച്ചിരിക്കേണ്ടതാണെന്ന് പരിഭാഷകനും ഡൽഹിയിലെ പ്രശസ്തമായ സെന്റ് സ്റ്റീഫൻസ് കോളേജിലെ ഇംഗ്ലീഷ് വിഭാഗം അസി. പ്രൊഫസറുമായ ആഷ്‌ലി പറയുന്നു**



വര: ദ്രിജിത്ത്



അമിതാവ് ഘോഷ്

# 1984 ബാക്കിയാക്കിയത്

**ഗുജറാത്തിലെ വംശഹത്യ നടന്നിട്ട് ഈ കഴിഞ്ഞ ഫെബ്രുവരി 28ന് പത്തു വർഷം തികഞ്ഞു. ഈ സാഹചര്യത്തിൽ 1984 ൽ ഡൽഹിയിൽ സിഖുകാർക്കെതിരെ നടന്ന കൊള്ളയേയും അക്രമങ്ങളെയും കുറിച്ച് പ്രമുഖ എഴുത്തുകാരനായ അമിതാവ് ഘോഷ് എഴുതിയ അനുഭവ സാക്ഷ്യത്തിന്റെ പരിഭാഷ. സ്ഥലംമാറി, സമയം മാറി വർഗീയ ഫാസിസം യാതൊരു ചരിത്ര ബോധവുമില്ലാതെ എങ്ങിനെ ആവർത്തിക്കപ്പെടുന്നു എന്ന് വ്യക്തമാക്കുന്ന ആഖ്യാനം. വിദ്യാഭ്യാസത്തിന്റെയോ സാമ്പത്തിക നിലയുടെയോ നഗരവൽക്കരണത്തിന്റെയോ പുരോഗമന മിത്തുകൾ എത്ര ലോലമാണെന്ന്, അധികാരവും ആൾക്കൂട്ടവും മതവിശ്വാസത്തെ ഏതെല്ലാം രീതിയിൽ ഉപയോഗിക്കുമെന്ന് കാണിച്ചുതരുന്ന കുറിപ്പ്. വർഗീയ കലാപങ്ങളുടെ മാനസികവും സാമൂഹ്യപരവും സാമ്പത്തികവുമായ മാനങ്ങളെ മനസ്സിലാക്കാനുള്ള ശ്രമം.**

**അമിതാവ് ഘോഷ്**

പരിഭാഷ: **എൻ. പി. ആഷ്‌ലി**

ഇന്ദിരാ ഗാന്ധിയുടെ മരണം ആദ്യം ഔദ്യോഗികമായി പ്രക്ഷേപണം ചെയ്തത് കറാച്ചിയിൽ നിന്നുള്ള പാകിസ്ഥാൻ റേഡിയോ ആണ്. ഉച്ചയ്ക്ക് ഒന്നരയോടെയാണിത്. ആൾ ഇന്ത്യാ റേഡിയോയിൽ പതിവ് പരിപാടികൾക്ക് പകരം സംഗീതം സ്ഥാനം പിടിച്ചിരിക്കുന്നു.

സുഹൃത്ത് ഹരിസെന്നിനൊപ്പം ഞാൻ വൈകുന്നേരമാണ് ഡൽഹി യൂണിവേഴ്സിറ്റി കാമ്പസ് വിട്ടത്. ഹരിയുടെ വീട്ടിലേക്കായിരുന്നു ഞങ്ങളുടെ യാത്ര. ഡൽഹിയുടെ ഹൃദയഭാഗത്തുള്ള കൊണ്ണോട്ട് പ്ളേസിൽ ഇറങ്ങി ഞങ്ങൾക്ക് ചിലസാധനങ്ങൾ വാങ്ങേണ്ടതുണ്ടായിരുന്നു. കടകൾ അടഞ്ഞുതുടങ്ങുകയാണെന്ന് ഞാൻ ശ്രദ്ധിച്ചു. നേരം വൈകുന്നേരമായിട്ടേ ഉള്ളൂ.

ഞങ്ങൾ കയറിയ ബസ് മുന്നോട്ട് നീങ്ങാൻ തുടങ്ങവേ, ഒരാൾ ഓടി ബസിൽ കയറി. പാന്റും ഷർട്ടും ധരിച്ച ആ മധ്യവയസ്കൻ ഒരു ഗവൺമെന്റോഫീസിലെ ഉദ്യോഗസ്ഥനാവണം. അയാൾ ഒരു സിഖ്കാരനായിരുന്നു. അക്കാര്യം ഞാനപ്പോൾ പ്രത്യേകിച്ച് ശ്രദ്ധിച്ചിരുന്നില്ല.

കാര്യമായൊന്നും ആലോചിക്കാതെയാവാം അയാൾ ആ ബസിൽ കയറിയത്. ഇതയാൾ ദിവസവും പിടിക്കുന്ന സ്ഥിരം ബസായിരിക്കാം. പക്ഷേ ഇന്നേ ദിവസം ഒരു തിരഞ്ഞെടുപ്പും കൂടുതൽ നിർഭാഗ്യകരമാവാനാവില്ല. കാരണം ബസ് പോവേണ്ടിയിരുന്നത് ഇന്ദിരാഗാന്ധിയുടെ മൃതദേഹം അപ്പോൾ കിടക്കുന്ന റോഡിലൂടെയാണ്. അവരുടെ പാർട്ടിയിലെ ചില വിശ്വസ്തർ ഇന്ദിരാഗാന്ധിയുടെ കൊലപാതകത്തിന് പ്രതികാരം ചെയ്യാൻ ആഹ്വാനം ചെയ്ത് തുടങ്ങിയിരുന്നു. രാഷ്ട്രപതി ഗ്യാനി സെയിൽസിംഗിന്റെ, ഒരു സിഖുകാരന്റെ, അകമ്പടിവാഹനങ്ങളിൽ ഒന്ന് അക്രമിക്കപ്പെട്ടുകഴിഞ്ഞിരുന്നു.

ഈ വിവരമൊന്നും ഞങ്ങൾക്ക് അപ്പോൾ അറിയുമായിരുന്നില്ല. അങ്ങനെ സംശയിക്കാനും കാരണമുണ്ടായിരുന്നില്ല. ഡൽഹിയിൽ അക്രമം സിഖുകാരെലാക്കാക്കി നടന്നതിന്റെ അനുഭവം മുമ്പുണ്ടായിട്ടില്ല.

ഇരുഭാഗത്തും മരങ്ങളുള്ള ന്യൂഡൽഹിയിലെ വിസ്താരവീഥികളിലൂടെ ബസ് നീങ്ങിക്കൊണ്ടിരിക്കെ ഔദ്യോഗിക വാഹനങ്ങളും അകമ്പടിക്കാരും ആശുപത്രിയിലേക്ക് കുതിച്ചുപായുന്നത് കാണാമായിരുന്നു. ആശുപത്രി അടുത്തെത്തുന്തോറും കുറേയധികം ആളുകൾ അവിടെ കൂടിനിൽക്കുന്നുണ്ടെന്ന് തെളിഞ്ഞുവന്നു. പക്ഷേ, അതൊരു സാധാരണ ജനക്കൂട്ടമായിരുന്നില്ല. അവിടെക്കണ്ട ഭൂരിഭാഗം ആളുകളും ചെറുപ്പക്കാരായ ആണുങ്ങളായിരുന്നു. അവരുടെ ഷർട്ടിന്റെ ബട്ടണുകൾ തുറന്നുകിടന്നു; കണ്ണുകൾ ചുമന്നു ചോരകെട്ടിയിരുന്നു. ഞങ്ങളുടെ സിഖ് സഹയാത്രികൻ ആകാംക്ഷാഭരിതനാകുന്നതും വിളറുന്നതും ഞാൻ അപ്പോഴാണ് ശ്രദ്ധിച്ചത്. അയാൾക്ക് എന്താണ് ചെയ്യേണ്ടതെന്നറിയില്ലെന്ന് തോന്നി. ഇപ്പോൾ ബസിൽ നിന്നിറങ്ങാൻ വൈകിക്കഴിഞ്ഞിരുന്നു. ആശുപത്രി അടുക്കുന്തോറും ആൾക്കൂട്ടം കൂടുതൽ ബഹളക്കാരാവുന്നതുകാണാമായിരുന്നു. ഒരുതരം പട്ടാളച്ചിട്ട അവർക്കുണ്ടെന്നുതോന്നി. പലർക്കും ഇരുമ്പുദണ്ഡുകളും സൈക്കിൾ ചങ്ങലകളും ആയുധമായി ഉണ്ടായിരുന്നു. ആയുധധാരികളല്ലാത്തവർ വാഹനങ്ങൾ നിറുത്തി പരിശോധിക്കുന്നുണ്ടായിരുന്നു.

മുമ്പിലിരുന്ന ഒരു സ്ത്രീയാണ് എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നത് എന്നാദ്യം മനസ്സിലാക്കിയത്. സിഖുകാരനോട് പുറത്തുള്ളവരുടെ കണ്ണിൽപെടാതെ മറഞ്ഞിരിക്കാൻ അവർ ആംഗ്യം കാട്ടി. അന്തംവിട്ടുനിന്ന അയാളോട് ഹിന്ദിയിൽ ഒച്ച വച്ചു. ഇതുകേട്ട് അയാൾ സീറ്റുകൾക്കിടയിലെ ഇടുങ്ങിയ സ്ഥലത്തേക്ക് ഇറങ്ങി ചുരുണ്ടുകൂടി തറയിൽ ഇരുന്നു. മിനിട്ടുകൾക്കുള്ളിൽ കടുത്ത ചായങ്ങളിൽ വേഷം ധരിച്ച കുറേ ചെറുപ്പക്കാർ ബസ് നിറുത്താനാവശ്യപ്പെട്ടു. നിൽക്കാൻവേണ്ടി സാവധാനത്തിലായ വണ്ടിക്കൊപ്പം അവരും ഓടി. ആ ബസിൽ ഏതെങ്കിലും സിഖുകാരുണ്ടോ എന്ന് അവർ വിളിച്ചുചോദിക്കുന്നത് ഞങ്ങൾക്ക് കേൾക്കാമായിരുന്നു.

ഡ്രൈവർ ഇല്ലെന്ന് തലയാട്ടി.

എനിക്ക് മുമ്പിൽ സീറ്റുകൾക്കിടയിൽ ചുരുണ്ടുകൂടിയിരുന്ന, തലക്കെട്ട് കെട്ടിയ ആ രൂപം തീർത്തും നിശ്ചലമായി. പുറത്തുനിന്ന് ചില ചെറുപ്പക്കാർ ജനാലകളിലൂടെ അകത്തേക്ക് എത്തിനോക്കാൻ ശ്രമിക്കുന്നുണ്ടായിരുന്നു. അവരുടെ ശബ്ദത്തിൽ ഒട്ടും ഈർഷ്യ ഉണ്ടായിരുന്നില്ല. അതായിരുന്നു ഏറ്റവും ഭയാനകം.

"ഇല്ല", ആരോ പറഞ്ഞു. " ഇല്ല, ഇല്ല" ബാക്കി ശബ്ദങ്ങളും അതേറ്റുപറഞ്ഞു. ഞങ്ങളെ പോകാൻ വിടൂ. ഞങ്ങൾക്ക് വീടെത്തണം.

ഒടുക്കം അവർ ഞങ്ങളെ വിട്ടു. റിംഗ് റോഡിലൂടെ ബസ് മുന്നോട്ട് നീങ്ങവെ ആരും ഒരക്ഷരം സംസാരിച്ചില്ല.

ഹരിസെൻ താമസിച്ചിരുന്നത് "സഫ്ദർജംഗ് എൻക്ളേവ്" എന്ന പുതിയ ഒരു റെസിഡെൻഷ്യൽ ഏരിയയിലാണ്. കൃത്യമായും വൃത്തിയായും ഉപരിമധ്യവർഗ്ഗം താമസിക്കുന്ന ഒരിടം. ആഡംബരത്തിനേക്കാൾ അഭിലാഷത്തിന്റേതായ അയൽവക്കങ്ങൾ. ഡൽഹിയിലെ മറ്റേതു താമസകേന്ദ്രത്തെയും പോലെ തീർത്തും സങ്കരമായിരുന്നു ആളുകൾ - സിഖുകാർക്കും നല്ല പ്രാതിനിധ്യമുണ്ടായിരുന്നു.

ചീർപ്പിന്റെ പല്ലുപോലെ നിരത്തിൽ അടുക്കിവച്ച വീടുകൾ. അത്തരം കുറേ സമാന്തരപാതകൾ. അത്തരത്തിലൊരു നിരത്തിന്റെ അറ്റത്താണ് ഹരിയുടെ വീട്. തൊട്ടടുത്ത് ആഡംബരപരവും രൂപഘടനയിൽ മറ്റുവീടുകളിൽനിന്ന് സാഹസികമാംവിധം വ്യത്യസ്തവുമായിരുന്നു. ആ വീടിന്റെ ഉടമസ്ഥനായ മിസ്റ്റർ ബാവ എന്ന സിഖുകാരൻ ഒരുപാടുകാലം വിവിധ അന്താരാഷ്ട്ര സംഘടനകളുടെ കൂടെ പല ദക്ഷിണേഷ്യൻ രാജ്യങ്ങളിൽ ജോലി ചെയ്തിട്ടുണ്ട്. അവിടുന്ന് പകർത്തിയ പലതും ആ വീടിന്റെ നിർമ്മിതിയിൽ കാണാമായിരുന്നു.

വലുതും വിചിത്രവുമായ ഹരിയുടെ വീടിനെ ഞങ്ങൾ സുഹൃത്തുക്കൾ മക്കോണ്ടോ എന്നാണ് വിളിച്ചിരുന്നത്. ആ സമയത്ത് വീട്ടിൽ അവന്റെ അമ്മയും ഇളയ അനിയത്തിയും മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഞാനന്നവിടെ തങ്ങാൻ തീരുമാനിച്ചു. വല്ലാതെ വെളിച്ചമുള്ള പ്രഭാതമായിരുന്നു അടുത്തത്. സൂര്യവെളിച്ചത്തിലേക്ക് കടന്നുനിന്നപ്പോൾ എനിക്കൊരിക്കലും സങ്കല്പിക്കാൻ കഴിയാത്ത ഒരു കാഴ്ച ഞാൻ കണ്ടു. എല്ലാദിശകളിൽനിന്നും പുകയുടെ കൂടാരങ്ങൾ പതുക്കെ തെളിഞ്ഞ ആകാശത്തിലേക്ക് ഉയരുന്നു. സിഖുകാരുടെ വീടുകളും കച്ചവടങ്ങളും എരിയുകയായിരുന്നു. തീയെ ഒരുപാട് ശ്രദ്ധയോടെ ചിലരുടെ നേർക്ക് മാത്രം തിരിച്ചുവിട്ടിരുന്നതിനാൽ വൻ തീപ്പിടുത്തത്തിൽ നിന്ന് തീർത്തും വ്യത്യസ്തമായ ഒരു ചിത്രമാണുണ്ടായിരുന്നത്. വലിയ തൂണുകളുള്ള ഒരു മേൽക്കൂരയിലേക്ക് നോക്കുംപോലെയാണ് തോന്നിയത്.

ഞാൻ നോക്കിനിൽക്കവേ തന്നെ പുകക്കൂടുകളുടെ എണ്ണം വർദ്ധിച്ചുവന്നു. ചെറിയ അകലത്തിൽ പോലും വീടുകൾ എരിഞ്ഞുകൊണ്ടിരുന്നു. അടുത്തുള്ള സിഖ് വീടുകളെല്ലാം രാത്രി കൊള്ള ചെയ്തശേഷം രാവിലെ തീവയ്ക്കപ്പെടുകയാണുണ്ടായതെന്ന് ഒരു വഴിപോക്കനിൽനിന്ന് ഞാൻ മനസ്സിലാക്കി. അക്രമികൾ ഞങ്ങളുടെ കോളനിയുടെ അറ്റത്ത് എത്തുന്നുണ്ടെന്നും അവർ ഞങ്ങളുടെ നേർക്ക് നീങ്ങാൻ തുടങ്ങുമെന്നും ഞാൻ മനസ്സിലാക്കി. സ്വന്തം സിഖ് സുഹൃത്തുക്കളെ പ്രതിരോധിക്കാനോ അവർക്ക് അഭയം നൽകാനോ ശ്രമിച്ച ഹിന്ദു-മുസ്ലിം വീടുകളും കൊള്ള ചെയ്യപ്പെട്ടു.

അന്തരീക്ഷം നിശബ്ദവും നിശ്ചലവുമായിരുന്നു. വാഹനങ്ങളുടെ തിരക്കിന്റെ ശബ്ദം കേൾക്കാനുണ്ടായിരുന്നില്ല. ഇടയ്ക്ക് അലച്ചുപായുന്ന കാറുകളുടെയും മോട്ടോർസൈക്കിളിന്റെയും ശബ്ദം ഇരമ്പിക്കേട്ടു. അക്രമവും തീവയ്പ്പും സംഘടിപ്പിക്കുന്നതിൽ ഈ വാഹനങ്ങൾ വഹിച്ച പങ്കിനെക്കുറിച്ച് പിന്നീട് കേട്ടു. ചില രാഷ്ട്രീയക്കാരുടെ രക്ഷാധികാരത്വത്തിൽ "സംഘാടകർ" അക്രമികളെ സംഘടിപ്പിച്ച് സിഖ് താമസസ്ഥലങ്ങളിലേക്കും ഷോപ്പുകളിലക്കും എത്തിക്കുകയായിരുന്നു.

ഈ "ട്രാൻസ്പോർട്ടേഷൻ" സൗജന്യമായിരുന്നുവത്രെ. കൂട്ടക്കൊല കഴിഞ്ഞ് പെട്ടെന്നുതന്നെ പ്രസിദ്ധീകരിക്കപ്പെട്ട ഒരു പൗരാവകാശ സംഘടനയുടെ റിപ്പോർട്ടിൽ വന്നത് "അക്രമത്തിന്റെ ഈ മുഖം ആരംഭിച്ചത് ടെമ്പോവാനിലും സ്കൂട്ടറിലും മോട്ടോർ സൈക്കിളിലും ട്രക്കിലും ആയുധധാരികളായ ചെറുപ്പക്കാർ എത്തിയതോടെയാണ്" എന്നാണ്. റിപ്പോർട്ട് തുടരുന്നു "പെട്രോൾ കാനുകളുമായി അവർ നഗരം ചുറ്റി. സിഖ് വീടുകളും ഷോപ്പുകളും ഗുരുദ്വാരകളും തിരഞ്ഞെടുത്ത് തീ കൊളുത്തി... സിഖുകാരെ വലിച്ചിഴച്ചു. അടിച്ചു നിലംപരിശാക്കി, എന്നിട്ട് ജീവനോടെ കത്തിച്ചു. എല്ലാ ബാധിത മേഖലകളിലും ജനങ്ങളെ ഭീതിതരാക്കാൻ അവർ ഉപയോഗിച്ച മാർഗ്ഗം പൊതുറോഡിൽ സിഖുകളെ ജീവനോടെ കത്തിക്കുകയെന്നതാണ്.

തീയായിരുന്നു ആ ദിനത്തിന്റെ തീം. ചില വീടുകൾ കത്തിച്ചപ്പോൾ ഉടമസ്ഥർ വീടിനകത്തുണ്ടായിരുന്നു.

**സ്വന്തം ഭർത്താവിനെയും മൂന്നു മക്കളെയും നഷ്ടപ്പെട്ട ഒരു സ്ത്രീ ഡൽഹിയിലെ സോഷ്യോളജിസ്റ്റായ വീണാ ദാസിനോട് പറഞ്ഞത് ഇങ്ങനെയാണ്: "ചില ആളുകൾ, അയൽക്കാരും ഞങ്ങളുടെ ഒരു ബന്ധുവും പറഞ്ഞു അടുത്തുള്ള ഉപേക്ഷിക്കപ്പെട്ട വീട്ടിൽ ഒളിച്ചിരിക്കുന്നത് നന്നാവുമെന്ന്. എന്റെ ഭർത്താവ് മക്കളെ അകത്താക്കി വീട് പുറത്തു നിന്ന് പൂട്ടി. ആരോ ഒറ്റു കൊടുത്തിരിക്കണം. ആ വീട്ടിനു മുകളിൽ മണ്ണെണ്ണയൊഴിച്ചവർ കത്തിച്ചു. ഭർത്താവിനെയും കൊന്നു. ഞാൻ ചെന്നപ്പോൾ എന്റെ മക്കളുടെ കരിഞ്ഞ് ഒട്ടിച്ചേർന്ന ശരീരങ്ങളാണ് കണ്ടത്.**

അടുത്ത ദിവസങ്ങൾക്കുള്ളിൽ ഡൽഹിയിൽ മാത്രം 2500 പേർ കൊല്ലപ്പെട്ടു. മറ്റു നഗരങ്ങളിലും ആയിരങ്ങൾ മരിച്ചു. ശരിയായ നാശം നാമൊരിക്കലും അറിയില്ല. ജീവൻ നഷ്ടപ്പെട്ടവരിൽ ഭൂരിഭാഗവും സിഖ് ആണുങ്ങളായിരുന്നു. ആയിരങ്ങൾ വീടില്ലാത്തവരായി.

എന്റെ തലമുറയിലെ മറ്റു പലരേയുംപോലെ ഞാനും വിചാരിച്ചിരുന്നത് 1947-ലെ ഇന്ത്യാ - പാകിസ്ഥാൻ വിഭജന കാലത്തെപ്പോലെ മനുഷ്യനിഗ്രഹം ഇനിയൊരിക്കലും സാധ്യമല്ലെന്നായിരുന്നു. പക്ഷേ, ആ പ്രഭാതത്തിൽ, ഡൽഹി നഗരത്തിൽ, ഹിംസ അതേയളവിൽ എത്തിയിരുന്നു,

പുകയാൽ നഗ്നമാക്കപ്പെട്ട ആ തെരുവുകളെയും നോക്കിക്കൊണ്ടു ഞാനും ഹരിയും നിൽക്കവേ ഹരിയുടെ അമ്മ കൂടുതൽ അടുത്തുള്ള കാര്യങ്ങളെക്കുറിച്ചാണ് ആലോചിച്ചിരുന്നത്. ഒട്ടും പ്രകടിപ്പിച്ചിരുന്നില്ലെങ്കിലും ഗാഢമായി മതവിശ്വാസം പാലിച്ചിരുന്ന ഒരു ഹിന്ദുവായിരുന്നു അവർ. പുറത്തു നടക്കുന്നത് കേട്ട ഉടനെ അവർ ഫോണെടുത്ത് അടുത്ത വീട്ടിലെ വൃദ്ധസിഖ് ദമ്പതിമാരെ, ബാവകളെ വിളിച്ചു അവരെ വീട്ടിലേക്ക് ക്ഷണിച്ചു. കിട്ടിയ പ്രതികരണം അപ്രതീക്ഷിതമായിരുന്നു. വിചിത്രമായ നിശബ്ദത. മിസ്സിസ് ബാവ വിചാരിച്ചത് ഹരിയുടെ അമ്മ തമാശ പറയുകയാണെന്നാണ്. അവർക്ക് രസിക്കണോ വേണ്ടയോ എന്നുമാത്രം മനസ്സിലായില്ല.

ഉച്ചയോടെ തെരുവുകളിൽ നിന്നും തെരുവുകളിലേക്ക് അക്രമിസംഘം വ്യക്തമായ പ്ളാനോടെ മുന്നേറുകയാണെന്ന് മനസ്സിലാക്കി അവരെ വീട്ടിലേക്ക് വിളിച്ചുകൊണ്ടുവരാൻ ഹരി ഇറങ്ങി. ഞാനും കൂടെച്ചെന്നു.

*(തുടർച്ച പേജ് -3)*

# 1984 ബാക്കിയാക്കിയത്

(രണ്ടാം പേജിൽ നിന്ന് തുടർച്ച)

ഒരു കുറിയ മനുഷ്യനായിരുന്നു ഈ മിസ്റ്റർ ബാവ. വളരെ ആശ്രദ്ധമായാണയാൾ വേഷം ധരിച്ചിരുന്നതെങ്കിലും തലേക്കെട്ട് വൃത്തിയായി കെട്ടിവച്ചതായും താടി ശ്രദ്ധയോടെ ചീകിക്കെട്ടി വച്ചിരിക്കുന്നതായും ഞാൻ ശ്രദ്ധിച്ചു. ഞങ്ങളുടെ സന്ദർശനം അയാളെ ചിന്താക്കുഴപ്പത്തിലാക്കിയതായി തോന്നി. അഭിവാദ്യങ്ങൾക്കുശേഷം ഞങ്ങൾക്കായി എന്തെങ്കിലും ചെയ്യേണ്ടതുണ്ടോ എന്ന് അദ്ദേഹം ഇങ്ങോട്ട് ചോദിച്ചു. ഉത്തരം പറയേണ്ട ബാധ്യത ഹരിക്കായിരുന്നു.

ഇന്ദിരാഗാന്ധിയുടെ കൊലപാതകത്തെക്കുറിച്ച് മിസ്റ്റർ ബാവയും കേട്ടിരുന്നു. അതുമായി ബന്ധപ്പെട്ട് എന്തോ കുഴപ്പങ്ങളുണ്ടെന്നും അറിയാമായിരുന്നു. പക്ഷേ, അദ്ദേഹത്തിന് മനസ്സിലാവാതിരുന്നത് ഈ ''കുഴപ്പങ്ങൾ'' എന്തിന് തന്നെയും ഭാര്യയെയും ബാധിക്കണമെന്നതായിരുന്നു. ഞങ്ങൾക്കൊപ്പം തന്നെ അദ്ദേഹവും സിഖ് തീവ്രവാദികളെ എതിർത്തു. ഇന്ദിരാഗാന്ധിയുടെ കൊലപാതകത്തെപ്പറ്റി അദ്ദേഹത്തിനുണ്ടായിരുന്ന പ്രതിഷേധം ഞങ്ങളെക്കാൾ അധികമായിരുന്നു. ഇന്ത്യയോടോ ഇന്ത്യയുടെ ഭരണ സംവിധാനത്തോടോ ഭരണവർഗ്ഗത്തിലെ അംഗം കൂടിയായ അദ്ദേഹത്തിനുള്ള പ്രതിബദ്ധത അചഞ്ചലമായിരുന്നു.

ഒരു ജീവിത കാലം മുഴുവൻ സമൂഹത്തിന്റെ എല്ലാ പരിഗണനകൾക്കുമുള്ളിൽ സകല വിധ സംരക്ഷണങ്ങളോടെയും പ്യൂപ്പ പോലെ ചെലവഴിച്ച ഒരാളോട് നിങ്ങളുടെ കൂടാരത്തിലൊരു വലിയ വിടവു വന്നിരിക്കുന്നുവെന്നും അത് മാരകമായേക്കുമെന്നും പറഞ്ഞ് മനസ്സിലാക്കുന്നതെങ്ങനെ? ഞങ്ങൾക്ക് പറഞ്ഞെത്തിക്കാനായില്ല. ഒരു ആൾക്കൂട്ടം തന്നെ ആക്രമിക്കുമെന്നും വിശ്വസിക്കാൻ മിസ്റ്റർ ബാവയ്ക്ക് സാധിച്ചില്ല. ''ഒന്നും പേടിക്കേണ്ട'' എന്നാശ്വസിപ്പിച്ച് അദ്ദേഹം ഞങ്ങളെ തിരിച്ചയച്ചു.


ഇന്ദിരാഗാന്ധിയുടെ ശവമഞ്ചം

ഗവൺമെന്റ് പെട്ടെന്ന് ഇടപെട്ട് അക്രമത്തിനവസാനം വരുത്തുമെന്ന് ഞങ്ങൾക്കുറപ്പുണ്ടായിരുന്നു. ഇത്തരം കുഴപ്പങ്ങളുടെ കാര്യത്തിൽ ഇന്ത്യയിൽ കാണാറുള്ള ഒരു രീതിയുണ്ട്. കർഫ്യൂ പ്രഖ്യാപിക്കും. അർദ്ധസൈനിക വിഭാഗങ്ങൾ ഇറങ്ങും, ചില കൊടുംക്രൂരമായ അവസ്ഥകളിൽ പട്ടാളം തന്നെ മാർച്ച് ചെയ്യും. അതിന്റെ ബൃഹത്തായ സുരക്ഷാ സന്നാഹം വച്ചു നോക്കുമ്പോൾ ഒരു നഗരവും ന്യൂഡൽഹിയോളം ഇവയൊന്നും ചെയ്യാൻ സജ്ജമല്ല. കൽക്കട്ട ഉൾപ്പെടെയുള്ള മറ്റു പല നഗരങ്ങളിലും ഞങ്ങൾ പിന്നീടറിഞ്ഞു – സംസ്ഥാന ഗവൺമെന്റുകൾ ഇടപെട്ട് അക്രമം നിയന്ത്രിച്ചു. ഡൽഹിയിലും മറ്റ് ഉത്തരേന്ത്യൻ പ്രദേശങ്ങളിലും ഒന്നും സംഭവിക്കാതെ മണിക്കൂറുകൾ നീങ്ങി. പട്ടാളത്തോട് രംഗത്തിറങ്ങാൻ ഓർഡർ കൊടുക്കുമെന്ന് പ്രതീക്ഷിച്ച് ഞങ്ങൾ മിനിട്ടുകളുടെ ഇടവേളയിൽ റേഡിയോ വച്ചു കൊണ്ടിരുന്നു. ആകെ കേൾക്കാനുണ്ടായിരുന്നത് ശോക സംഗീതവും ഇന്ദിരാഗാന്ധിയുടെ അന്ത്യവിശ്രമത്തിന്റെ വിശേഷങ്ങളുമാണ്. അന്തർദ്ദേശീയവും ദേശീയവുമായ വിശിഷ്ടാതിഥികളുടെ വരവിനെക്കുറിച്ചുള്ള വിവരണങ്ങൾ. ആ വാർത്താ ബുള്ളറ്റിനുകൾ മറ്റേതോ ഗ്രഹത്തിൽ നിന്നുള്ള സന്ദേശങ്ങളാണെന്നും തോന്നി.

അപരാഹ്നം വളരവേ, അക്രമിക്കൂട്ടങ്ങളുടെ മുന്നേറ്റത്തെപ്പറ്റി ഞങ്ങൾ കേട്ടുകൊണ്ടിരുന്നു. അധികം വൈകുന്നതിനു മുമ്പേ അടുത്ത തെരുവിൽ നിന്ന് ബഹളം കേട്ടു. പുക എല്ലായിടത്തേക്കും പടർന്നു. പൊലീസിന്റെയോ പട്ടാളത്തിന്റെയോ ഒരു അടയാളവും ഉണ്ടായിരുന്നില്ല.

ഹരി വീണ്ടും മിസ്റ്റർ ബാവയെ വിളിച്ചു സ്വന്തം മുറിയിൽ നിന്നുതന്നെ തീനാളങ്ങൾ കണ്ടതുകൊണ്ടാവാം അദ്ദേഹം ഇത്തവണ വരുമെന്നു സമ്മതിച്ചു. പക്ഷേ എങ്ങനെ? രണ്ടു വീടുകൾക്കുമിടയിൽ തോളറ്റം ഉയരമുള്ള ഒരു മതിലുണ്ട്. റോഡിലൂടെയല്ലാതെ പോവാൻ വഴിയില്ല.

റോഡിന്റെ അറ്റത്ത് ചില ഗുണ്ടകളെ ഞാൻ കണ്ടിരുന്നു. മോട്ടോർ സൈക്കിളിന്റെ ഇരമ്പവും ഇടയ്ക്ക് കേൾക്കാമായിരുന്നു. റോഡിലേക്കിറങ്ങുന്നത് അവരെ സംബന്ധിച്ച് വലിയ റിസ്ക്കാണ്. സൂര്യനസ്തമിച്ചിരുന്നു എങ്കിലും വഴിയിൽ വെളിച്ചമുണ്ട്. കണ്ടാൽ അവർ പിടിക്കപ്പെടും. മതിൽ ചാടുക എന്ന ആലോചന തന്നെ ആദ്യം മിസ്റ്റർ ബാവ തള്ളിക്കളഞ്ഞു. തന്റെ പ്രായം വച്ചു നോക്കുമ്പോൾ അസാധ്യമാണെന്ന് അദ്ദേഹം വിചാരിച്ചിരിക്കണം. അവസാനം ഹരി എങ്ങനെയോ പറഞ്ഞ് മതിലുചാടാൻ അദ്ദേഹത്തെക്കൊണ്ട് സമ്മതിപ്പിച്ചു.

വീടിന്റെ പിറകിൽ റോഡിൽ നിന്നു കാണാത്ത ഒരു പോയിന്റിൽ ഞങ്ങൾ ഈ വൃദ്ധ ദമ്പതികളെ കാത്തുനിന്നു. അക്രമിക്കൂട്ടം പേടിപ്പിക്കുമാറ് അടുത്താണെന്ന് തോന്നിച്ചു. ഇവരാണെങ്കിൽ തീർത്തും പതുക്കെയാണ് കാര്യങ്ങൾ ചെയ്യുന്നതും. അവസാനം അവരുടെ തലവെട്ടം കണ്ടപ്പോഴേക്ക് നേരം കുറെ കഴിഞ്ഞിരുന്നു.

സ്വന്തം വീട് വിടുന്നതിനു മുമ്പ് മിസ്റ്റർ ബാവ വൃത്തിയായി വസ്ത്രം ധരിച്ചു – കോട്ടും ടൈയുമടക്കം വിട്ടുപോയില്ല. മിസ്സിസ് ബാവ ചുരിദാറും കമ്മീസുമാണ് ഇട്ടിരുന്നത്. കൂടെയുണ്ടായിരുന്ന അരിവയ്പുകാരനാണ് അദ്ദേഹത്തെ മതിലു ചാടാൻ സഹായിച്ചത്. അവരെ ഇപ്പുറത്തെത്തിച്ച ശേഷം ഹിന്ദുവായ അയാൾ വീടിന് കാവൽ നിൽക്കാൻ വേണ്ടി അപ്പുറത്തേക്ക് മടങ്ങി.

ബാവാ കുടുംബത്തെ ഹരി സ്വീകരണമുറിയിലേക്ക് കൊണ്ടുപോയി. നേരിയ സിൽക്ക് സാരിയും ധരിച്ച് അമ്മ അവരെ അവിടെ കാത്തു നിൽക്കുന്നുണ്ടായിരുന്നു. തിരശ്ശീല വലിച്ചിട്ട് അകത്ത് വിളക്കുകൾ കൊളുത്തി വച്ച ആ വലിയ മുറി ഊഷ്മളതയും സ്വാഗതവും പ്രസരിപ്പിച്ചു. പക്ഷേ ഞങ്ങൾക്കും ക്രൂരമായ ആൾക്കൂട്ടത്തിനു ഇടയിലാകെ ഉണ്ടായിരുന്ന തിരശ്ശീല കൊണ്ട് മറച്ച ഫ്രഞ്ച് ജനാലകളും ഒരു പൂന്തോട്ടമതിലും മാത്രമാണ്. ഹരിയുടെ അമ്മ അവരെ കൈകൂപ്പി സ്വീകരിച്ചു. മൂന്നുപേരും ചെറിയ ഒരു വട്ടത്തിൽ ഇരുന്നു. വെള്ളികൊണ്ടുണ്ടാക്കിയ ചായപ്പാത്രത്തിൽ നിന്ന് ചായ പകർന്നുകൊണ്ട് സംസാരം തുടങ്ങിയതോടെ എല്ലാ മുറുക്കവും അയഞ്ഞു. സംഭാഷണം ന്യൂഡൽഹിയിലെ സ്വീകരണമുറികളിലെ സ്ഥിരം വിഷയങ്ങളിലേക്കു തിരിഞ്ഞു.

എനിക്കവിടെ ഇരിക്കാനായില്ല. മുന്നിലെ ഗേറ്റും നോക്കിക്കൊണ്ട് ഞാൻ വരാന്തയിൽ നിൽപ്പായി.

രണ്ടുകൂട്ടം പേർ മോട്ടോർ സൈക്കിളുകളിൽ മിസ്റ്റർ ബാവയുടെ വീടിന്റെ അടുത്തെത്തി വീട് പരിശോധന തുടങ്ങിയിരുന്നു. എങ്ങനെയോ പാചകക്കാരന്റെ സാന്നിദ്ധ്യം മനസ്സിലാക്കി അവർ അയാളെ പുറത്തേക്ക് വിളിച്ചു.

പാചകക്കാരനു പേടികൊണ്ട് വിറയ്ക്കുന്നുണ്ടായിരുന്നു. ഗുണ്ടകൾ അയാളുടെ ചുറ്റുംനിന്നു കത്തികൾചൂണ്ടി ഉച്ചത്തിൽ ചോദ്യം ചെയ്തു. ഇരുട്ടായതുകൊണ്ട് ചിലരുടെ കൈവശം മണ്ണെണ്ണപ്പന്തങ്ങളുമുണ്ടായിരുന്നു. അവർ അലറി; അയാളുടെ മുതലാളിമാർ സിഖുകാരുടെ കൂടെയല്ലേ? അവരെവിടെ? അകത്തൊളിച്ചിരിക്കുന്നുണ്ടോ? ആരുടെ ഉടമസ്ഥതയിലുള്ള വീടാണത്? ഹിന്ദുക്കളുടേതോ സിഖുകാരുടേതോ?

രണ്ടു വീടുകൾക്കും ഇടയിലുള്ള മതിലിനപ്പുറം നിന്ന് ഹരിയും ഞാനും ഈ ചോദ്യം ചെയ്യൽ കേട്ടുകൊണ്ടിരിക്കുകയായിരുന്നു. ഞങ്ങളുടെ വിധി ഈ പാവം, പേടിച്ച മനുഷ്യന്റെ നാക്കിനെയായിരുന്നു. അയാളെന്താണ് ചെയ്യുകയെന്ന് ഞങ്ങൾക്കൊരു ഊഹവും ഉണ്ടായിരുന്നില്ല. അയാൾക്ക് തന്റെ മുതലാളിമാരോടുള്ള ബന്ധമെന്താണ്? മുമ്പെപ്പോഴെങ്കിലും ഉണ്ടായിട്ടുള്ള എന്തെങ്കിലും പ്രശ്നത്തിന് കണക്ക് തീർക്കാൻ അയാൾ ഈ സമ്മർദ്ദം ഉപയോഗിച്ചു കളയുമോ? അങ്ങനെ ചെയ്താൽ രണ്ടുവീടുകളും കത്തുമെന്നുറപ്പ്. ഭീതികൊണ്ട് വാക്കുകൾ കിട്ടുന്നുണ്ടായിരുന്നില്ലെങ്കിലും അയാൾ പിടിച്ചുനിന്നു. ശരിയാണ്, അയാൾ പറഞ്ഞു. മുതലാളിമാർ സിഖ്കാരാണ്. അവർ നഗരം വിട്ടു പോയ്ക്കഴിഞ്ഞു. വീട്ടിൽ ആരുമില്ല. വീട് അവരുടേതല്ല. ഒരു ഹിന്ദുവിൽ നിന്നും വാടകയ്ക്കെടുത്തതാണ്.

മിക്കവാറും ഗുണ്ടകളെ പറഞ്ഞു വിശ്വസിപ്പിക്കുന്നതിൽ അയാൾ വിജയിച്ചെങ്കിലും ചിലർ അടുത്തുള്ള വീടുകളെ സംശയത്തോടെ നോക്കി. ചിലർ ഹരിയുടെ വീടിന്റെ ഇരുമ്പുഗേറ്റ് ശക്തിയായി കുലുക്കി.

ഞങ്ങൾ ചെന്ന് ഗേറ്റിനടുത്തു നിന്നു. ഗേറ്റിനടുത്തേക്ക് നടക്കുമ്പോൾ എനിക്ക് അഗാധമായൊരു അപരിചിതത്വം തോന്നി. ദൂരെയെവിടെയോ നിന്ന് ഞാൻ എന്നെത്തന്നെ നിരീക്ഷിക്കുംപോലെ,.

ഞങ്ങൾ ഗേറ്റ് പിടിച്ച് അലറി. പോകൂ. നിങ്ങൾക്കിവിടെ ഒരു കാര്യവുമില്ല. അകത്താരുമില്ല. വീട് കാലിയാണ്.

ഭാഗ്യത്തിന് അവർ ഒന്നൊന്നായി പിരിഞ്ഞുപോകാൻ തുടങ്ങി.

ഇതിനിടെ വീടിനടുത്തുള്ളവരുടെ സ്ഥിതി എന്താണെന്നറിയാൻ ഞാൻ അകത്തേക്കു ചെന്നു നോക്കി. ഈ ഗുണ്ടാവിളയാട്ടം വിളക്കുകൾ തെളിച്ച ആ മുറിയിൽ കേൾക്കത്തക്കതായിരുന്നു. ഒരു തിരശ്ശീല മാത്രമാണ് അവരെ കാഴ്ചയിൽ നിന്നു മറച്ചു പിടിച്ചത്.

ആ സ്വീകരണമുറിയിൽ ഞങ്ങൾ കണ്ടത് വ്യക്തമായി ഇന്നും ഓർക്കുന്നു. ശ്രീമതി സെൻ സുസ്മേരവദനനായി മിസ്റ്റർ ബാവയ്ക്ക് ഒരു കപ്പ് ചായ ഒഴിച്ചുകൊണ്ടിരിക്കുകയായിരുന്നു. അടുത്ത് ശ്രീമതി ബാവ ഇടർച്ചയോ അസാധാരണമോ ഇല്ലാത്ത ശബ്ദത്തിൽ ന്യൂഡൽഹിയിലെയും മാനിലയിലെയും ഗാർഹികജീവിതം താരതമ്യം ചെയ്യുന്നു.

(പിറ്റേന്ന് ഈ വംശഹത്യയ്ക്കെതിരെ സമാധാനത്തിനായി നടന്ന ഒരു മാർച്ചിൽ ഞാൻ പങ്കെടുത്തു) ആ മാർച്ചിനെക്കുറിച്ചാലോചിക്കവേ എന്റെ ഓർമ്മയുടെ തുടർച്ച നഷ്ടപ്പെടുന്നു. വിശദാംശങ്ങൾ അകന്നുപോകുന്നു. അന്ന് ഒപ്പമുണ്ടായിരുന്ന ചിലസുഹൃത്തുക്കളോട് ചോദിച്ചപ്പോൾ അവരുടെ അനുഭവവും സമാനമായിരുന്നു. ഞങ്ങളെല്ലാം ഒരു ദൃശ്യം മാത്രം ഓർത്തുവച്ചു. അത് മാത്രം മനസിൽ നിറഞ്ഞുനിന്നു.

ഓർമ്മ കാത്തുസൂക്ഷിക്കുന്ന ആ ദൃശ്യം ഞങ്ങളുടെ മാർച്ച് ആക്രമിക്കപ്പെടുന്നുവെന്ന് ശരിക്കും തോന്നിയ നിമിഷമാണ്.

ഒരു തെരുവിന്റെ മൂലയിൽ തിരിയവേ നിശ്ചയിച്ചുറപ്പിച്ചപോലെ ഒരു അക്രമിക്കൂട്ടം ഞങ്ങൾക്കെതിരെവന്നു. അതിനുമുമ്പ് ഇങ്ങനെ ഒരുകൂട്ടത്തെ കണ്ടപ്പോൾ അവരെ മുഖാമുഖം നേരിട്ടുകൊണ്ടാണ് മാർച്ച് മുന്നോട്ട് നീങ്ങിയത്. തീക്ഷണമായ വാദപ്രതിവാദങ്ങളിലേക്കും ഒച്ചവയ്ക്കലിലേക്കും അവ പെട്ടെന്ന് നീണ്ടു. പക്ഷേ അവരെ വഴിമാറ്റി വിടുന്നതിൽ ഞങ്ങൾ വിജയിക്കുക തന്നെ ചെയ്തിരുന്നു. പക്ഷേ, ഈ ഗ്രൂപ്പ് ഞങ്ങളെ അക്രമിക്കാൻ തയ്യാറായിവന്നത് തന്നെയായിരുന്നു. കത്തികളും ഉരുക്ക് ദണ്ഡുകളുമായി അവർ ഞങ്ങൾക്കെതിരെ നടന്നുതുടങ്ങിയപ്പോൾ ഞങ്ങൾനിന്നു. അടുത്തെത്തുംതോറും മുദ്രാവാക്യങ്ങളുടെ ശബ്ദം കൂടി. ക്ളൈമാക്സിലേക്ക് വളരുന്ന ഹൃദയമിടിപ്പുകളോടെ ഞങ്ങൾ നിന്നു. അക്രമത്തിനു തയ്യാറായി ഞങ്ങൾ മുന്നോട്ടോടി. കാറ്റിലേക്കെന്നപോലെ.

എനിക്കൊരിക്കലും മനസ്സിലാക്കാനായിട്ടില്ലാത്ത ഒന്ന് അപ്പോൾ സംഭവിച്ചു. ആരും ഒന്നും പറഞ്ഞില്ല. ഒരു സിഗ്നലും നൽകിയിരുന്നില്ല. ഞങ്ങളുടെ മുദ്രാവാക്യങ്ങളിൽ ഒരു മാറ്റവും വന്നില്ല. പക്ഷെ പെട്ടെന്ന് ഞങ്ങളുടെ കൂട്ടത്തിലെ സ്ത്രീകൾ–സ്ത്രീകളായിരുന്നു പകുതിയും. പുറത്തേക്കിറങ്ങി ആണുങ്ങളെ വലംവച്ചുനിന്നു. അവരുടെ സാരികളും കമ്മീസുകളും ഞങ്ങളെ ചുറ്റിനിന്ന, വെയിലത്താടുന്ന ഒരു മതിലായി മാറി. അവർ അക്രമിക്കാൻ വന്ന ആണുങ്ങളെ വെല്ലുവിളിച്ചുകൊണ്ട് അങ്ങനെ നിന്നു.

ഗുണ്ടകൾ ഒന്നോ രണ്ടോ അടികൂടി മുന്നോട്ടുവച്ചു. പിന്നെ ആശയക്കുഴപ്പത്തോടെ തുടർച്ചയോടെ ചുറ്റും നോക്കി. ഒരു നിമിഷത്തിനുള്ളിൽ അവർ പോയ്ക്കഴിഞ്ഞിരുന്നു.

***പരിഭാഷകന്റെ ഇ മെയിലും ഫോണും:*** *npashley@gmail.com* , ***09953339041***

കേരളകൗമുദി
വാരാന്ത്യ
കൗമുദി
2012 മാർച്ച് 4 ഞായർ




## രേഖായനം, പഞ്ചമി ബാർ, പെണങ്ങല്ലേ പെണങ്ങല്ലേ പെണങ്ങുണ്ണി

### രേഖായനം
**ഡോ. ഡി. ബാബുപോൾ**

തിരുവിതാംകൂർ, കൊച്ചി, തിരു – കൊച്ചി, കേരള നിയമസഭകളുടെ രേഖകളിലൂടെ നർമ്മ പ്രഭാഷകനും എഴുത്തുകാരനും റിട്ട. അഡീഷണൽ ചീഫ് സെക്രട്ടറിയുമായ ഡോ.ഡി.ബാബുപോൾ സഞ്ചരിച്ച് കണ്ടെത്തിയ കുറേ രസകരമായ സംഭവങ്ങളും നിമിഷങ്ങളുമാണ് ഇതിലുള്ളത്. ചിരിയും ചിന്തയും സമ്മാനിക്കുന്ന ഈ കൃതി ആ കാലയളവിലെ സാമൂഹികജീവിതവും പകർത്തുന്നു.

പ്രസാധകർ: ഡിസി ബുക്സ്
വില 65 രൂപ

### രവീന്ദ്രന്റെ യാത്രകൾ
**രവീന്ദ്രൻ**

യാത്രാവിവരണത്തിന്റെ സാമ്പ്രദായിക രീതികളെയാകെ അട്ടിമറിച്ചയാളാണ് ചലച്ചിത്രകാരൻകൂടിയായ രവീന്ദ്രൻ. യാത്രാവിവരണം യാത്രയോളമോ അതിനെക്കാളുമോ ഹൃദ്യമാക്കുന്നതിൽ ഇദ്ദേഹം അസാധാരണ വൈഭവം പ്രകടിപ്പിക്കുന്നതിന് ഈ കൃതിയും ഉദാഹരണമാണ്. രവീന്ദ്രന്റെ ചിത്രരുചിയും ചലച്ചിത്രബോധവും സംസ്കാരപഠനവും രാഷ്ട്രീയവും ഭാഷാബോധവും ഒരുമിച്ചു സംയോജിക്കുന്നത് അദ്ദേഹത്തിന്റെ യാത്രാനുഭവാഖ്യാനങ്ങളിലാണെന്ന് അവതാരികയിൽ കെ.സി.നാരായണൻ നിരീക്ഷിക്കുന്നു.

പ്രസാധകർ: ഡി.സി ബുക്സ്
വില 295 രൂപ

### പഞ്ചമി ബാർ
**ബി.മുരളി**

ഒരു ഡസൻ കഥകളുടെയും നാല് പൊടിക്കഥകളുടെയും സമാഹാരമാണ് പഞ്ചമി ബാർ. പൊടിക്കഥകളിൽ നർമ്മം പീലിവിടർത്തി ആടുന്നുണ്ട്. ഭാവുകത്വത്തിന്റെ ചില്ലറ വില്പനശാലകളല്ല ചെറുകഥകൾ എന്ന് അടയാളപ്പെടുത്തുകയാണ് ബി.മുരളി. ജീവിതത്തിന്റെ അകവും പുറവും തമ്മിലുള്ള അടുപ്പത്തിന്റെ ചിത്രീകരണമെന്ന നിലയിലാണ് കഥകൾ വരുന്നതെന്ന് കെ.ബി.ശെൽവമണിയും ഡോ. എം. എ.സിദ്ദിഖും വ്യക്തമാക്കുന്നു.

പ്രസാധകർ: ഡി.സി ബുക്സ്
വില 55 രൂപ

### കടൽച്ചൊരുക്ക്
**സി. അനൂപ്**

പത്തൊമ്പത് കഥകളുടെ സമാഹാരമാണ് കടൽച്ചൊരുക്ക്. അനുപമവും ചടുലവുമായ ഇതിവൃത്തങ്ങളോടെ വ്യത്യസ്ത ഭാവുകത്വം പുലർത്തുന്നതാണ് അനൂപിന്റെ ഈ കഥകൾ. ഇതിലെ ജീവിത വൈചിത്ര്യങ്ങളുടെ ആഴവും ആരവങ്ങളും പുതിയ ദിശാ സൂചകങ്ങളാണ്.

പ്രസാധകർ: ഡി.സി ബുക്സ്
വില 65 രൂപ

### ഉള്ളുണരാൻ ചിക്കൻസൂപ്പ്
**ജാക്ക് കാൻഫീൽഡ്,**
**മാർക്ക് വിക്ടർ ഹാൻസെൻ**

ലോകപ്രശസ്തമായ സെൽഫ് ഹെൽപ്പ് പരമ്പരയിലെ ആദ്യകൃതിയുടെ മലയാള വിവർത്തനമാണിത്. എം. എസ്.നായരാണ് വിവർത്തകൻ. സ്നേഹം, ബന്ധങ്ങൾ, കൃതജ്ഞത എന്നീ ജീവിതമൂല്യങ്ങൾ ഹൃദയത്തിൽ ജ്വലിപ്പിക്കുകയാണ് ഈ പുസ്തകത്തിന്റെ ഉദ്ദേശ്യം.

പ്രസാധകർ: ഡി.സി ബുക്സ്
വില 150 രൂപ

### ഉടലിന്റെ താരസഞ്ചാരങ്ങൾ
**സി.എസ്. വെങ്കിടേശ്വരൻ**

ചലച്ചിത്ര മേഖലയിൽ ഉദിച്ചുയർന്ന പ്രമുഖ നടൻമാരെയും നടികളെയും കുറിച്ചുള്ള പഠനങ്ങളുടെ പുസ്തകം. ഓരോ അഭിനേതാവിന്റെയും സൂക്ഷ്മ ഭാവങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് അഭിനയ കലയെ സാമൂഹ്യശാസ്ത്രപരമായി പഠിക്കുന്ന പുസ്തകം.

പ്രസാധകർ : ഡി.സി. ബുക്സ്
വില : 90 രൂപ.

### ഉടലുകളുടെ നരക വിരുന്ന്
**ചന്ദ്രൻ പൂക്കാട്**

മൂന്ന് ലഘു നോവലുകളുടെ സമാഹാരം.
പ്രസാധകർ : ഒലിവ്
വില : 65 രൂപ.

### മനസിലാകുന്നവ
**എ.കെ. ശ്രീനാരായണ ഭട്ടതിരി**

മനുഷ്യർ തമ്മിലുള്ള സ്നേഹബന്ധത്തിന് മതം തടസമല്ല എന്ന മഹത്തായ സന്ദേശമാണ് മനസിലാകുന്നവ എന്ന കഥ നൽകുന്നത്.
പ്രസാധകർ: റെയ്ൻബോ ബുക്സ്
വില: 95 രൂപ.

### പെണങ്ങല്ലേ പെണങ്ങല്ലേ പെണങ്ങുണ്ണി
**സന്തോഷ് പ്രിയൻ**

കുട്ടിക്കഥകളുടെ സമാഹാരമാണിത്. എന്തിനും ഏതിനും എപ്പോഴും പിണങ്ങുന്ന പെണങ്ങുണ്ണിയേയും പുലിയച്ചനേയും അണ്ണാറക്കണ്ണനേയും കുഞ്ഞിമാളുവിനേയുമെല്ലാം ഈ കഥക്കൂട്ടിൽ കണ്ടുമുട്ടാം.
പ്രസാധകർ: കീർത്തി ബുക്സ്
വില 120 രൂപ

### ജി, വൈലോപ്പിള്ളി , ഇടശ്ശേരി
**ചവറ കെ. എസ് പിള്ള**

മലയാള കവിതയിൽ ഋതുഭേദങ്ങൾ പകർന്നുനൽകിയ കവികളായ ജി, വൈലോപ്പിള്ളി, ഇടശ്ശേരി എന്നിവരെക്കുറിച്ചുള്ള ബാലസാഹിത്യകൃതി. കുട്ടികൾക്കും മുതിർന്നവർക്കും ആസ്വാദ്യമാവുന്ന രചന.
പ്രസാധകർ: കീർത്തി ബുക്സ്
വില 120 രൂപ

### ഹജ്ജ് യാത്രയുടെ പുണ്യപാതയിൽ
**അമീർ അഹമ്മദ് അലവി**

ബ്രിട്ടീഷ് അധീനതയിലായിരുന്ന പുണ്യദേശത്തേക്ക് 1929–ൽ ഒരു ഇന്ത്യൻ മുസൽമാൻ നടത്തിയ ഹജ്ജ് യാത്രയുടെ വഴിക്കുറിപ്പുകൾ, മുക്കാൽ നൂറ്റാണ്ടിനു മുൻപുള്ള ത്യാഗഭരിതമായ തീർത്ഥാടനത്തിന്റെ സഹന വഴികൾ രേഖപ്പെടുത്തിയ ചരിത്രരേഖ. തീരെ ദരിദ്രമായ മലയാള ഹജ്ജ് യാത്രാ സാഹിത്യത്തിന് ഒരു ഗംഭീര മുതൽക്കൂട്ട്.
പ്രസാധകർ : ഡി.സി. ബുക്സ്
വില : 90 രൂപ.

### നെഗ്രിറ്റ്യൂട്ട്
**കെ.എം. സലിംകുമാർ**

മലയാളത്തിലെ ദളിത് രചനയുടെ സൂക്ഷ്മതകൾ അവതരിപ്പിക്കുന്ന 'ദലിതം' പരമ്പരയിലെ പുസ്തകം. വനിതാ സംവരണം, മാർക്സ്, അംബേദ്കർ സാമൂഹ്യനീതി, കേരളത്തിലെ ഭൂപരിഷ്കരണവും ആദിവാസി ദളിത് വിഭാഗങ്ങളും, പുതിയ ധർമ്മ വ്യവസ്ഥകൾ തുടങ്ങി പുതിയ സംവാദ മേഖലകൾ തുറക്കുന്ന ലേഖനങ്ങൾ.
പ്രസാധകർ : ഡി.സി. ബുക്സ്.
വില : 125 രൂപ.

### സുറിയാനി പാചകം
**ബാവാ ആർ. ലൂക്കോസ്**

പാരമ്പര്യ സുറിയാനി വിഭവങ്ങളുടെ രുചിക്കൂട്ട്.
പ്രസാധകർ : ഡിസി ബുക്സ്
വില : 75 രൂപ

കവിത

## വിമുക്തം

**അജിതാദാസ്**



മകനേ,
ഒരമ്മയുടെ നെഞ്ചം പിളർത്തരുത്...
പിളർത്തിയാൽ പിന്നെ
അലതല്ലി ആർത്തലയ്ക്കുന്ന
കദനപ്രവാഹത്തെ
അണകെട്ടിനിർത്താൻ ശ്രമിക്കരുത്!

മകനേ,
ഒരമ്മയുടെ കരൾ നീ പറിക്കരുത്...
പറിച്ചാൽ പിന്നെ
കുടൽമാല കഴുത്തിലണിയാതിരിക്കരുത്!
മകനേ,
ഒരമ്മയുടെ ഉള്ളുരുക്കരുത്...
ഉള്ളുരുക്കിയാൽ പിന്നെ
ഉടവാളെടുക്കാതിരിക്കരുത്!

മകനേ,
അമ്മയുടെ മുലപ്പാൽ കുടിക്കരുത്...
കുടിച്ചാൽ പിന്നെ
ചുടുചോര ചിന്താതിരിക്കരുത്...!
മകനേ,
അച്ഛനാരെന്ന് തിരയരുത്...
തിരഞ്ഞാൽ പിന്നെ,
വേരറ്റ സംസ്കൃതിയുടെ
പാഴ്നിലം ഉഴാതിരിക്കരുത്!

മകനേ,
ഈ പടിയിറങ്ങരുത്...
ഇറങ്ങിയാൽ പിന്നെ
പൊക്കിൾകൊടി മുറിഞ്ഞൊരീ
ഗർഭഗൃഹത്തെ ഉടയ്ക്കാതിരിക്കരുത്!
മകനേ,
താരത്തെ നോക്കരുത്...
നോക്കിയാൽ പിന്നെ
വഴികാട്ടുന്ന വെളിച്ചത്തെ
കെടുക്കാതിരിക്കരുത്!

മകനേ, ചിരിക്കരുത്...
ചിരിച്ചാൽ പിന്നെ
ചെറുനോവിൻ വ്രണങ്ങൾ
കുത്തിപ്പൊളിക്കാതിരിക്കരുത്!
മകനേ മറക്കരുത്...
ചോറുരുള ഊട്ടിയ കൈയും
കണ്ണീർ നനഞ്ഞ നെഞ്ചും.
മറന്നുപോയാൽപിന്നെ
മരിക്കാതിരിക്കരുത്!
ചെയ്ത പിഴയേറ്റു
പറയാതിരിക്കരുത്...!

## വാരഫലം



പ്രൊഫ. ദേശികം രഘുനാഥൻ
ഫോൺ: 0472 – 2801155

**2012 മാർച്ച് 4 മുതൽ മാർച്ച് 10 വരെ**

**അശ്വതി :** സമർത്ഥമായി എല്ലാ കാര്യങ്ങളും ചെയ്തു തീർക്കും. രോഗങ്ങൾ വരാൻ സാദ്ധ്യത. പലതരത്തിലുള്ള മന:ക്ളേശങ്ങൾ ഉണ്ടാകും.

**ഭരണി:** സ്വന്തം പ്രയത്നത്താൽ ജീവിതത്തിൽ ഉന്നതി കൈവരിക്കും. കാവ്യകലാരംഗത്തുള്ളവർക്ക് മികച്ചനേട്ടം പ്രതീക്ഷിക്കാം. അലച്ചിൽ അധികരിക്കും. യാത്രയിൽ ഒരു ഗുണവും ലഭിക്കില്ല.

**കാർത്തിക :** തൊഴിലിൽ അഭിവൃദ്ധി ഉണ്ടാകും. അധിക ചെലവുകൾ വരും. ദാമ്പത്യ ജീവിതത്തിൽ പ്രശ്നങ്ങൾ ഉണ്ടാകും. അദ്ധ്വാനം വർദ്ധിക്കുമെങ്കിലും വരുമാനം കുറവായിരിക്കും.

**രോഹിണി :** വ്യാപാരികൾക്ക് അനുകൂല സമയമാണ്. തൊഴിൽ അന്വേഷിക്കുന്നവർക്ക് ലഭിക്കാനുള്ള സാദ്ധ്യതയുണ്ട്. വസ്തുക്കളിൽ നിന്നും വാഹനങ്ങളിൽ നിന്നും ലാഭം.

**മകയിരം:** കാര്യസാദ്ധ്യം ഉണ്ടാകും. തൊഴിപരമായി ഉയർച്ച. വിവാഹ കാര്യത്തിൽ തടസ്സം ഉണ്ടാകും. പിതാവിന് അസുഖം വരാൻ സാദ്ധ്യത.

**തിരുവാതിര :** ധനാഭിവൃദ്ധി ഉണ്ടാകും. ക്ഷേമവും ലാഭവും വർദ്ധിക്കും. എന്തും സഹിക്കാൻ കഴിവുണ്ടായിരിക്കും. സന്താനത്താൽ മാനസിക സന്തോഷം. ഭക്തി വർദ്ധിക്കും.

**പുണർതം:** ആഗ്രഹങ്ങൾ സഫലമാകും. വിദേശത്ത് പോകാൻ ആഗ്രഹിക്കുന്നവർക്ക് അനുകൂല സമയം. ധനവരവ് വർദ്ധിക്കും. ബന്ധുക്കൾ അകലാൻ സാദ്ധ്യത.

**പൂയം:** വിദ്യാഭ്യാസത്തിന് മന്ദത. മനസിന് അപ്രതീക്ഷിതമായ ചാഞ്ചല്യം ഉണ്ടാകും. സ്വത്തുക്കൾ നഷ്ടം വരും. നല്ല സുഹൃത്ത് ബന്ധങ്ങൾ ഉണ്ടാകാനുള്ള സാദ്ധ്യത കാണുന്നു.

**ആയില്യം:** വ്യാപാരത്തിൽ നല്ല ലാഭം കിട്ടുന്നതായിരിക്കും. ധനലാഭം ഉണ്ടാകും. തൊഴിലിൽ സ്ഥാനക്കയറ്റം ഉണ്ടാകും. ഗവൺമെന്റിൽ നിന്ന് ലഭിക്കാനുള്ള ആനുകൂല്യങ്ങൾ ലഭിക്കും.

**മകം:** വീഴ്ച, പൊള്ളൽ എന്നിവയുണ്ടാകാതെ സൂക്ഷിക്കണം. ധനവരവും ഉയർന്ന സ്ഥാനലബ്ധിയും പ്രതീക്ഷിക്കാം. സത്യസന്ധമായി എല്ലാമേഖലകളിലും പ്രവർത്തിക്കും. വിവാഹം അന്വേഷിക്കുന്നവർക്ക് തടസ്സം നേരിടും.

**പൂരം:** രാഷ്ട്രീയത്തിൽ പ്രവർത്തിക്കുന്നവർക്ക് പ്രശസ്തിക്കും നേട്ടത്തിനും യോഗം. ഭാര്യയ്ക്കും സന്താനത്തിനും നന്മയുണ്ടാകും.

**ഉത്രം:** ധനനഷ്ടം ഉണ്ടാകും. അദ്ധ്വാനം വർദ്ധിക്കുമെങ്കിലും വരുമാനം കുറവായിരിക്കും. അധികചെലവ് വരാനുള്ള സാദ്ധ്യതയുണ്ട്. സഹോദരങ്ങളുമായി കലഹം.

**അത്തം:** മത്സരപരീക്ഷകളെഴുതുന്നവർക്ക് വിജയ സാദ്ധ്യത. കാര്യതടസ്സം നേരിടും. കടം വരാനുള്ള സാദ്ധ്യതയുണ്ട്. അപകീർത്തിയ്ക്ക് സാദ്ധ്യത.

**ചിത്തിര:** ബുദ്ധി കൂർമ്മതയോടു കൂടി വ്യാപാരം ചെയ്യും. തന്മൂലം ധനാഭിവൃദ്ധിയുണ്ടാകും. സഹോദരങ്ങൾക്ക് വിവാഹം തീർച്ചപ്പെടും. പരീക്ഷകളിൽ വിജയം.

**ചോതി:** കാര്യതടസ്സവും മനോവ്യാധിയും ഉണ്ടാകാൻ സാദ്ധ്യത. സ്ഥാനക്കയറ്റം ഉണ്ടാകും. സാമ്പത്തിക ഉന്നതി ഉണ്ടാകും.

**വിശാഖം:** വസ്തുക്കൾ വാങ്ങും. വ്യാപാരത്തിൽ ലാഭം. സഹോദരങ്ങളുമായി ഐക്യം ഉണ്ടാകും. വിദ്യാഭ്യാസ രംഗത്ത് ഉയർച്ച. ജോലി അന്വേഷിക്കുന്നവർക്ക് അനുകൂല സമയം.

**അനിഴം:** വിദ്യാഭ്യാസ രംഗത്ത് ഉയർച്ച. സാഹിത്യരംഗത്തുള്ളവർക്ക് പുരസ്കാര ലബ്ധി. വ്യാപാരരംഗത്ത് നേട്ടം. വിദേശത്ത് പോകാൻ ആഗ്രഹിക്കുന്നവർക്ക് അനുകൂല സമയം.

**തൃക്കേട്ട:** പുതിയ സുഹൃദ് ബന്ധത്തിന് സാദ്ധ്യത. ഉയർന്ന പദവികൾ ലഭിക്കും. സർക്കാരിൽ നിന്ന് ആനുകൂല്യങ്ങൾ ലഭിക്കും.

**മൂലം:** ജ്ഞാനവും കീർത്തിയും വർദ്ധിക്കും. കൂടുതൽ യാത്ര ചെയ്യാനവസരം. സാമർത്ഥ്യത്തോടുകൂടി പ്രവർത്തിക്കുന്നതു മൂലം ധനം വന്നു ചേരും. തർക്ക വിഷയത്തിൽ ജയം ഉണ്ടാകും. വിവാഹം തീർച്ചപ്പെടും.

**പൂരാടം:** വാഹനം വാങ്ങാൻ ഉദ്ദേശിക്കുന്നവർക്ക് അനുകൂല സമയമാണ്. സന്താന ഭാഗ്യം ഉണ്ടാകും. പുണ്യക്ഷേത്ര ദർശനത്തിന് യോഗം. പരീക്ഷകളിൽ വിജയം.

**ഉത്രാടം :** വ്യാപാരത്തിലൂടെ ലാഭം കൈവരും. എല്ലാ മേഖലകളിലും നേട്ടം. സന്താനങ്ങളുടെ നന്മയ്ക്കുവേണ്ടി പ്രവർത്തിക്കും. ഗൃഹം നിർമ്മിക്കാൻ അനുകൂല സമയം.

**തിരുവോണം :** സൽപ്രവർത്തികൾ ചെയ്യും. ഗൃഹം നിർമ്മിക്കാനും വാഹനം വാങ്ങാനും ആഗ്രഹിക്കുന്നവർക്കുന്നവർക്ക് അനുകൂല സമയം.

**അവിട്ടം :** ധനാഭിവൃദ്ധി ഉണ്ടാകും. മാതാപിതാക്കളെ അനുസരിക്കും. വിദ്യാഭ്യാസ മേഖലയിൽ ഉന്നതി. സഹോദരങ്ങളുടെ സഹായം ലഭിക്കും. വ്യാപാരികൾക്ക് ലാഭം വർദ്ധിക്കും.

**ചതയം:** സൽപ്രവർത്തി ചെയ്യും. മുൻകോപം നിമിത്തം പലരുമായി അകൽച്ചയുണ്ടാകും. കടം വരാതെ സൂക്ഷിക്കുക. കഠിനമായി അദ്ധ്വാനിക്കും. രോഗങ്ങൾക്ക് സാദ്ധ്യത.

**പൂരുരുട്ടാതി :** ഉത്സാഹക്കുറവും അലസതയും ഉണ്ടാകും. ദാമ്പത്യത്തിൽ പ്രശ്നങ്ങൾക്കു സാദ്ധ്യത. ഉദ്യോഗക്കയറ്റം ലഭിക്കും. ചെലവ് വർദ്ധിക്കും.

**ഉത്രട്ടാതി :** കുടുംബത്തിൽ അഭിവൃദ്ധിയുണ്ടാകും. ശത്രുക്കൾക്ക് പരാജയം. അനാവശ്യ ചെലവ് വർദ്ധിക്കും. പ്രശസ്തി ലഭിക്കാൻ യോഗം. തൊഴിൽരംഗത്ത് നേട്ടം.

**രേവതി :** വിദ്യാഭ്യാസരംഗത്ത് ഉയർച്ച. തൊഴിൽ അന്വേഷിക്കുന്നവർക്ക് ലഭിക്കാൻ സാദ്ധ്യത. വ്യാപാരത്തിലൂടെ ലാഭം ഉണ്ടാകും.

cmyk